# പുനർജ്ജനി

## അക്കാദമിക് മാസ്റ്റർപ്ലാൻ

2025-26

ഗവ. എൽ. പി. എസ്
പാണ്ടിത്തിട്ട

G.L.P.S. PANDITHITTA
Date
AMPALATHINNIRAPPU P.O.

# ആമുഖം

സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യതയിൽ ഊന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി. പൊതുവിദ്യാഭ്യാസരംഗം ചടുലമാക്കുന്നതിനും അർത്ഥപൂർണമായ ഇടപെടലുകളിലൂടെ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഓരോ കുട്ടിയ്ക്കും ലഭ്യമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കേണ്ടതായിട്ടുണ്ട്. അർത്ഥപൂർണമായ ജനപങ്കാളിത്തം കൊണ്ട് മാത്രമേ സമഗ്ര ഗുണമേന്മ പദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കപ്പെടുകയുള്ളൂ. വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിൽ നമുക്ക് ഒരുമിച്ച് മുന്നേറാം.

HM Bindhu

BINDUMOL.L
Pen.No.504928
Headmistress
Govt. LPS Pandithitta

ഗവ. എൽ. പി. എസ് പാണ്ടിത്തിട്ട

മുന്നേറ്റത്തിന്റെ പാതയിലാണ്. മാറിവരുന്ന സാഹചര്യങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി പഠനപ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അക്കാദമികവും ഭൗതികവുമായ വിവിധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി തയാറാക്കിയ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ മികവിന്റെ കേന്ദ്രമാക്കി വിദ്യാലയത്തെ മാറ്റിയെടുക്കാൻ പ്രയോജനപ്പെടും എന്നാണ് പ്രതീക്ഷ.

SRG കൺവീനർ

## പൊതു ലക്ഷ്യങ്ങൾ

വിദ്യാലയങ്ങൾ സന്തോഷപ്രദവും അർത്ഥവത്തായും കുട്ടികളിൽ താൽപര്യമുണർത്തുന്നതുമായ അറിവ് നിർമ്മാണ കേന്ദ്രങ്ങളായി മാറുക എന്നതാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി ലക്ഷ്യമിടുന്നത്. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ചില ലക്ഷ്യങ്ങൾ കൈവരിക്കേണ്ടതുണ്ട്.

- മുഴുവൻ കുട്ടികളെയും മികവിലേക്ക് നയിക്കാനുള്ള സാഹചര്യം ഉണ്ടാക്കുക.
- ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനത്തിനായി എല്ലാ ക്ലാസ്മുറികളും ഹൈടെക് ആക്കുക.
- ക്യാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയം സാക്ഷാത്കരിക്കുക. (ജൈവവൈവിധ്യ ഉദ്യാനം, ന്യൂട്രീഷൻ ഗാർഡൻ)
- പരിസ്ഥിതി സംരക്ഷണ പരിസ്ഥിതി ~~പ~~ പഠനപ്രവർത്തനങ്ങളിൽ മാതൃക സൃഷ്ടിക്കുക.
- ശാസ്ത്രീയമായ പ്രീ-സ്കൂൾ പഠനം യാഥാർത്ഥ്യമാക്കുക.
- പ്രത്യേക പരിഗണന ലഭിക്കുന്നതിലൂടെ പഠനത്തിൽ പിന്നാക്കം നിൽക്കുന്നവർ മുഖ്യധാരയിലെത്തുകയും കഴിവിന്റെ സാധ്യമായ ഉയർന്നതലത്തിലേക്ക് എത്തിച്ചേരുകയും ചെയ്യുക.
- വിദ്യാഭ്യാസത്തിൽ ജനാധിപത്യവത്കരണം അർത്ഥപൂർണമാക്കുക.
- ആധുനിക സൗകര്യങ്ങളുള്ള വായനശാല (ലൈബ്രറി) ലബോറട്ടറി എന്നിവ സ്കൂളിൽ ഉണ്ടാവുക.

- ജനകീയ സംവിധാനങ്ങളുടെ പിന്തുണയോടെ വിദ്യാലയത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.
- കുട്ടികളുടെ മാനസിക സംഘർഷത്തിനും പിരിമുറുക്കത്തിനും അയവ് വരുത്താനുള്ള കൗൺസിലിംഗ് സൗകര്യം വിദ്യാലയത്തിൽ ഉണ്ടാക്കുക.
- ലഹരിവിരുദ്ധ മനോഭാവം വളർത്തുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- പ്ലാസ്റ്റിക് വിമുക്തവും കീടനാശിനി വിമുക്തവും ലഹരി വിമുക്തമായ സ്കൂൾ അന്തരീക്ഷം രൂപപ്പെടുക.
- കുട്ടികളുടെ സർഗാത്മകമായ എല്ലാ കഴിവുകളും വികസിപ്പിക്കുക.
- കലാകായിക പ്രവൃത്തി പരിചയ വിദ്യാഭ്യാസത്തിന് അനുയോജ്യമായ ഭൗതികസാഹചര്യങ്ങൾ സൃഷ്ടിക്കുക.
- കുട്ടികൾക്ക് മാതൃഭാഷ, ഇംഗ്ലീഷ് എന്നിവ അനായാസമായി കൈകാര്യം ചെയ്യാൻ കഴിയുക.
- ഗണിതശേഷികൾ കൈവരിക്കുക.
- ഏവർക്കും മികച്ച വിദ്യാഭ്യാസം പൊതുവിദ്യാലയത്തിലൂടെ ലഭ്യമാക്കുക.
- വിദ്യാലയം ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് പ്രവർത്തിക്കുക.

# വിദ്യാലയത്തിന്റെ ലഘുചരിത്രം

കൊല്ലം ജില്ലയിൽ തികച്ചും ഗ്രാമീണ മേഖലയിൽ സ്ഥിതിചെയ്യുന്നതും തലവൂർ പഞ്ചായത്തിൽ പാണ്ടിത്തിട്ട എന്ന ചെറുഗ്രാമത്തിലെ സാധാരണക്കാരായ കുട്ടികൾക്കെന്നും ആശ്രയവുമായ പാണ്ടിത്തിട്ട ഗവ. എൽ. പി. സ്കൂൾ 1905 ലാണ് സ്ഥാപിതമായത്. പാണ്ടിത്തിട്ട ഒന്നാംവാർഡിന്റെ പടിഞ്ഞാറുഭാഗത്ത് മൈലം പഞ്ചായത്തിലെ താമരക്കുടിക്ക് കിഴക്കുഭാഗത്തായി ഈ സ്കൂൾ സ്ഥിതിചെയ്യുന്നു. പാണ്ടിത്തിട്ട വടക്കുപുറം, താമരക്കുടി, ആതവിള, ഇരവിക്കോട്, ഒഴുക്കുപാറ എന്നീ പ്രദേശങ്ങളിൽ നിന്നുമാണ് കുട്ടികൾ പഠനത്തിനായി എത്തുന്നത്. ഒരു ഓലഷെഡിൽ ആരംഭിച്ചതാണ് ഈ വിദ്യാലയം. ഇപ്പോൾ നിലവിലുള്ള ഓടുമേഞ്ഞ കെട്ടിടം 1970 ൽ നിർമ്മിച്ചതാണ്. കോൺക്രീറ്റ് കെട്ടിടം തലവൂർ പഞ്ചായത്തിന്റെ ജനകീയാസൂത്രണപദ്ധതിയുടെ ഭാഗമായി 2001 ൽ നിർമ്മിച്ചതാണ്. സ്കൂൾ ഓഫീസിന്റെ മുൻവശത്തുള്ള മിനി ആഡിറ്റോറിയം സ്കൂൾ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി ജില്ലാ പഞ്ചായത്ത് നിർമ്മിച്ചു തന്നതാണ്.

സ്കൂളിന്റെ സാമൂഹിക പശ്ചാത്തലത്തിൽ ഒഴിവാക്കാൻ കഴിയാത്ത സാന്നിധ്യമാണ് തൃശൂർ എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പലായിരുന്ന ശ്രീധരൻപിള്ളസാർ, ഡോ. N.N. മുരളി, മുൻ MLA ശ്രീമതി മെഴ്സാദേവിയുടെ ഭർത്താവ് ശങ്കരൻകുട്ടിനായർ കൊച്ചിൻ കോർപ്പറേഷൻ റിട്ട. എക്സിക്യൂട്ടീവ് എഞ്ചിനീയറും അവാർഡ് ജേതാവും സാഹിത്യകാരനും വാസ്തുവിദ്യയിൽ ഡോക്ടറേറ്റ് ബിരുദധാരിയുമായ ഡോ. മുരളിമോഹനൻ തുടങ്ങിയവർ.

ഇങ്ങനെ ആതുരരംഗത്തും എഞ്ചിനീയറിംഗ് രംഗത്തും IT മേഖലയിലും സാഹിത്യരംഗത്തും പ്രശസ്തരായ നിരവധിപേർ ആദ്യാക്ഷരം കുറിച്ചത് ഈ വിദ്യാലയത്തിലാണ് എന്നത് അഭിമാനത്തോടെ ഓർക്കേണ്ടതാണ്.

# വിദ്യാലയം – മികവിന്റെ കേന്ദ്രം

## കാഴ്ചപ്പാട്

കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ സ്കൂൾതലത്തിൽ നടന്നുവരുന്നു.

- വിവിധ ക്ലബ് പ്രവർത്തനങ്ങൾ മികച്ചരീതിയിൽ നടത്തുന്നു.
- ദിനാചരണപ്രവർത്തനങ്ങൾ അതിന്റേതായ പ്രാധാന്യത്തിൽ ആചരിക്കുന്നു.
- പഠനപിന്നോക്ക പ്രവർത്തനങ്ങൾ നടന്നുവരുന്നു.
- ഗണിതവിജയം, ഹലോ ഇംഗ്ലീഷ്, പ്രീ സ്കൂൾ ദിശാപോഷണ പരിപാടികൾ എന്നിവ നടത്തുന്നു.
- എല്ലാ മാസവും രണ്ട് തവണ SRG കൂടുകയും പഠനപ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു.
- പോഷകസമൃദ്ധമായ പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും നൽകുന്നു.
- ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നു.

- സ്കൂളും പരിസരവും ശുചിത്വം ഉറപ്പാക്കുകയും ഗ്രീൻപ്രോട്ടോക്കോൾ പാലിക്കുകയും ചെയ്യുന്നു.
- ദിനങ്ങൾ ആചരിക്കുന്നു.
- ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും സ്കൂൾപരിസരത്ത് ലഹരിപദാർത്ഥങ്ങൾ വിൽപന നടത്തുന്നില്ലെന്ന് ഉറപ്പുവരുത്തുന്നു.
- താഴ്ന്ന ക്ലാസിൽ എഴുത്തും വായനയും ഉറപ്പിക്കുന്നതിനു ഇംഗ്ലീഷിനോട് താൽപര്യം ജനിപ്പിക്കാനും 'ഹലോ ഇംഗ്ലീഷ്' പ്രവർത്തനങ്ങൾ നടത്തുന്നു.
- ലൈബ്രറി, ലാബ് എന്നിവ മെച്ചപ്പെട്ട രീതിയിൽ പ്രയോജനപ്പെടുത്തുന്നു.
- IT അധിഷ്ഠിത പഠനത്തിന് ഊന്നൽ നൽകുന്നു.

## അവസ്ഥാവിശകലനം

ചാണ്ടിത്തിട്ട ഗവ. എൽ.പി സ്കൂളിൽ പ്രീപ്രൈമറി മുതൽ 4 വരെ ക്ലാസുകളിലായി .... ആൺകുട്ടികളും .... പെൺകുട്ടികളുമായി ആകെ 47 കുട്ടികൾ പഠനം നടത്തുന്നു. ലൈബ്രറി, ലാബ് സൗകര്യങ്ങൾ പ്രത്യേകം ക്ലാസ്മുറികളിലായി സജ്ജീകരിക്കാൻ കഴിഞ്ഞിട്ടില്ല. 30 സെന്റ് വസ്തുവിൽ 5 മുറികളുള്ള ഓടിട്ടത്ത കെട്ടിടവും 2 മുറികളുള്ള കോൺക്രീറ്റ് കെട്ടിടവും സ്കൂൾ അസംബ്ലി, പൊതുയോഗം, വാർഷികം എന്നിവ നടത്താനുപകരിക്കുന്ന മേൽക്കൂര ഷീറ്റിട്ട ഓഡിറ്റോറിയവും സ്കൂളിലുണ്ട്. ഒരിക്കലും വറ്റാത്ത കിണർ സ്കൂളിനുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ടോയ്ലറ്റ് ഉണ്ട്. Kite ൽ നിന്ന് ലഭിച്ച 3 laptop, പഞ്ചായത്തിൽ നിന്ന് ലഭിച്ച 1 laptop (പ്രവർത്തനരഹിതം) 1 LCD projector പ്രീപ്രൈമറി പഠനം ആകർഷകമാക്കാൻ ലഭിച്ച (SSK) Smart TV, Sound System, pendrive, Tab എന്നിവയും സ്കൂളിന് സ്വന്തമായിട്ടുണ്ട്. കുട്ടികൾക്ക് പൊതുവായി സ്പോൺസർഷിപ്പിലൂടെ ലഭിച്ച TV യും ഉണ്ട്.

സ്കൂൾ യൂണിഫോം വിതരണം, പാഠപുസ്തകവിതരണം എന്നിവ പൂർത്തിയാക്കുകയും ചെയ്യുന്നുണ്ട്.

ഈ വിദ്യാലയത്തിലെ എല്ലാ കുട്ടികളെയും പരിഗണിച്ചു-കൊണ്ടുള്ള ക്ലാസ്റൂം പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്.

SRG മീറ്റിംഗിലൂടെ പഠനപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ചർച്ചകൾ നടത്തുന്നു. അധ്യാപക പരിശീലനത്തിൽ നിന്നും ലഭിക്കുന്ന അറിവുകൾ കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിന് സഹായിക്കുന്നു.

PTA, MPTA, SMC എന്നീ സമിതികൾ വിദ്യാലയ പുരോഗതിക്കാവശ്യമായ പിന്തുണ നൽകി വരുന്നു. ദിനാചരണങ്ങൾ, ശാസ്ത്രഗണിതശാസ്ത്ര പ്രവൃത്തിപരിചയ മേളകൾ, വാർഷികാഘോഷം എന്നിവയിൽ പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വ അധ്യാപകർ, പഞ്ചായത്ത്, തദ്ദേശവാസികൾ എന്നിവരുടെ സജീവപങ്കാളിത്തം ഉണ്ടാകാറുണ്ട്.

വിവിധ ക്ലബ് പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കലാകായിക പ്രവൃത്തിപരിചയമേളകളിലും സബ്ജില്ലാതല മത്സരങ്ങളിലും കുട്ടികൾ പങ്കെടുത്ത് മികച്ച വിജയം കരസ്ഥമാക്കുന്നുണ്ട്. LSS പരീക്ഷയിൽ മികച്ച വിജയം നേടാൻ കഴിയുന്നുണ്ട്.

പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ മികച്ച നിലയിൽ നടക്കുന്നുവെങ്കിലും കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണുന്നു. ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും ഇനിയും മെച്ചപ്പെടാനേറെയുണ്ട്. കുട്ടികളുടെ എണ്ണം കുറയാതിരിക്കാൻ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുക, വാഹനസൗകര്യം ലഭ്യമാക്കുക എന്നിവ വഴി സാധിക്കുന്നതാണ്.

## ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ

| | |
|---|---|
| Bindumol. L | HM |
| Chithra John | LPST |
| Anisha. H | LPST |
| Bismi. I. P | LPST |
| Suseela | Pre primary |
| Sudha | Helper |
| Babykutty | PTCM |
| Manju | Cook |

## കുട്ടികളുടെ എണ്ണം

| Standard | Boys | Girls | Total |
|---|---|---|---|
| I | 3 | 3 | 6 |
| II | 2 | 4 | 6 |
| III | 4 | 7 | 11 |
| IV | 11 | 3 | 14 |
| PP | 7 | 2 | 9 |
| Total | | | 46 |

## അടിസ്ഥാന സൗകര്യങ്ങൾ – അവലോകനം

| ക്രമനമ്പർ | വിഭാഗം | നിലവിലുള്ളത് | ഇനിആവശ്യമുള്ളത് |
|---|---|---|---|
| 1 | ഇലക്ട്രിഫിക്കേഷൻ | ഉണ്ട് | അറ്റകുറ്റപണികൾ ആവശ്യമാണ് |
| 2. | അടുക്കള സ്റ്റോർറൂം | ഇല്ല | ആവശ്യമാണ് |
| 3 | ചുറ്റുമതിൽ | ഭാഗികം | പൂർണമായും ആവശ്യമാണ് |
| 4 | സ്മാർട്ട് ക്ലാസ്സ്റൂം | ഇല്ല | 5 ക്ലാസ്സ്റൂമുകൾ വേണം |
| 5. | മേജർമെയിന്റനൻസ് | ഇല്ല | കോൺക്രീറ്റ് കെട്ടിടത്തിൽ ആവശ്യമാണ് |
| 6 | ലൈബ്രറി,ലാബ് പ്രത്യേക റൂം | ഇല്ല | ആവശ്യമാണ് |
| 7 | ഡൈനിങ്ഹാൾ | ഇല്ല | ആവശ്യമാണ് |
| 8. | ഫർണിച്ചർ | പരിമിതം | അലമാരകൾ റാക്ക്, ഓഡിറ്റോ റിയത്തിലേക്ക് കസേര കൾ, മേശകളിവ ആവശ്യമാണ്. |
| 9. | ഫ്ളോർടൈലിംഗ് & സിങ്ക് | അടുക്കളയിൽ ഇല്ല | ആവശ്യമാണ്. |
| 10. | പ്രീപ്രൈമറി ആകർഷകമാക്കൽ | ഭാഗികം | പൂർണമായും ആവശ്യമാണ് |

# IT സാമഗ്രികളുടെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ആവശ്യമുള്ളത് |
|---|---|---|
| റേഡിയോ | 1 എണ്ണം പ്രവർത്തനരഹിതം | — |
| ടെലിവിഷൻ | പ്രവർത്തിക്കുന്നത് 2 എണ്ണം | — |
| സ്പീക്കർ | | |
| കമ്പ്യൂട്ടർ | ഇല്ല | ആവശ്യമാണ്. |
| ലാപ്ടോപ്പ് | | |
| ഇന്റർനെറ്റ് | ഇല്ല | ആവശ്യമാണ് |
| LCD പ്രൊജക്ടർ | പ്രവർത്തിക്കുന്നത് - 1 | 2 |
| ടെലിഫോൺ | ഇല്ല | — |
| ക്യാമറ | ഇല്ല | — |

# മേഖല : അക്കാദമികം

## ഉപമേഖല

അസംബ്ലി (മലയാളം, ഇംഗ്ലീഷ്)
പഠനപിന്തുണപ്രവർത്തനങ്ങൾ
വായനച്ചങ്ങാത്തം
വായനക്കുറിപ്പ് തയ്യാറാക്കൽ
അക്ഷരധാരണവും ലേഖനവും
ഒന്നാം ക്ലാസ് ഒന്നാംതരമാക്കൽ
കുട്ടിയെഴുത്ത്, സചിത്രബുക്ക്
സംയുക്തഡയറി
വായനക്കാർഡ് നിർമാണം
ഭാഷാപരമായ മികവ്
പാട്ടരങ്ങ്
രചനോത്സവം, കഥോത്സവം
ഭാഷോത്സവം
ഇംഗ്ലീഷ് റീഡിംഗ് കാർഡ്
ലൈബ്രറി ബുക്ക് വായന
പതിപ്പ്
ദിനാചരണപ്രവർത്തനങ്ങൾ
ശാസ്ത്രക്ലബ്
ലഘുപരീക്ഷണം
ഫീൽഡ്ട്രിപ്പ്
ശാസ്ത്രമേള
ശേഖരണവും വായനയും
ജൈവവൈവിധ്യഉദ്യാനം
ക്യൂടീഷ്യൻ ഗാർഡൻ

- ഗണിതകേളി
- ഗണിതപസിൽ
- ഉല്ലാസഗണിതം
- ഗണിതവിജയം
- ഗണിതമേള
- പ്രവൃത്തിപരിചയമേള
- കലോത്സവം
- കായികോത്സവം
- ദിനാചരണങ്ങൾ
- ഐ.സി.ടി അധിഷ്ഠിത പഠനം
- എസ്. ആർ. ജി ശാക്തീകരണം (Samagra Plus)
- ശുചിത്വം
- പോഷകാഹാര പരിപാടി
- സാഹിത്യപോഷണ പരിപാടി
- കൃഷിവെട്ടം
- സമഗ്ര ആരോഗ്യപോഷകപരിപാടി.

## ഉപജില്ല : Std 1 : മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടത്തേണ്ട കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്വതന്ത്രവായനയിലേക്ക് നയിക്കൽ | സന്നദ്ധതാ പ്രവർത്തനങ്ങൾ കഥപറച്ചിൽ, പാട്ടുകൾ (Audio) | ജൂൺ മുതൽ | | |
| ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | സംയുക്തഡയറി എഴുതാനാരംഭിക്കുന്നു. | ജൂലൈ | | 1000 |
| | കഥകളിലെ കഥാപാത്രങ്ങൾ പറയുന്ന ചെറുവാക്യങ്ങൾ അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് എഴുതുന്നു. (ചാർട്ടിൽ) | ആഗസ്റ്റ് | അധ്യാപിക | |
| | എഴുതുവാൻ പ്രയാസം നേരിടുന്ന കുട്ടികൾക്ക് പിന്തുണാക്ലാസ്. | | | |
| | വായനോത്സവം നടത്തുന്നു. | | | |
| | അധ്യാപിക / രക്ഷിതാവ് പുസ്തകങ്ങൾ ഭാവാത്മകമായി വായിക്കുന്നു. | നവംബർ | | |
| | കേട്ട / വായിച്ച കഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു. | ഒക്ടോബർ to March. | | |
| | വായനാകാർഡുകൾ വായിക്കുന്നു. നിർമ്മിക്കുന്നു. [illegible] തിയേറ്ററിലേക്ക് | | | |

ഉപമേഖല : Std I : ഗണിതം

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതശേഷികൾ എല്ലാ കുട്ടികൾക്കും ഉറപ്പിക്കുക. പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക. | എല്ലാ കുട്ടികളും പഠനനേട്ടങ്ങൾ സാക്ഷാത്കരിക്കാൻ വർക്ക്ഷീറ്റ് തയ്യാറാക്കുന്നു. വലുത്, ചെറുത് ആരോഹണം, അവരോഹണം, കൂട്ടങ്ങൾ, സങ്കലനം | അധ്യാപിക | June മുതൽ | SSK 500 |
| | ഉപമേഖല : Std I English | | | |
| Listening Speaking | Picture reading showing different pictures and ask them to say about colours, vehicles etc. (pictures) | June മുതൽ | | |
| Reading. | Make words with letters. write simple Sentences about the pictures (pictures) Simple description Story telling (chart) | അധ്യാപിക | June മുതൽ | 500 |

## ഉപജില്ല : Std II മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിന് കഴിവുള്ളവരാക്കുക.<br>ആശയഗ്രഹണവായന ഉറപ്പാക്കുക.<br>തെറ്റില്ലാതെ ആസ്വാദ്യനിലവാരത്തിലൂടെ വ്യവഹാരരൂപങ്ങൾ തയാറാക്കാൻ പ്രാപ്തരാക്കുക.<br>കുഞ്ഞെഴുത്തും സംയുക്ത ഡയറിയും ചെയ്യാൻ പ്രാപ്തരാക്കുന്നു.<br>വർഷാവസാനം റിവ്യൂസ് തിയേറ്ററിലൂടെ വായന നടത്തുന്നു. | Pretest നടത്തുന്നു. പരിമിതികൾ, കഴിവുകൾ മനസിലാക്കുന്നു. രക്ഷിതാവിനെ ബോധ്യപ്പെടുത്തി അക്കാദമിക പിന്തുണ നൽകുന്നു.<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നതിനായി അക്ഷരകാർഡുകൾ നൽകി വാക്കുകൾ രൂപീകരിപ്പിക്കുന്നു.<br>ചിത്രങ്ങൾ നൽകി ചിത്രവായന ചെറിയ വാക്യങ്ങൾ രൂപത്തിൽ<br>ലൈബ്രറി ബുക്ക് വായന<br>കഥകൾ ചിത്രീകരിക്കുന്നു<br>കഥകൾ സംഭാഷണമാക്കുന്നു<br>ചോദ്യങ്ങൾ നിർമിക്കുന്നു.<br>സ്വതന്ത്രമായ രചനകൾ മാഗസിനിലേക്ക്<br>സംയുക്ത ഡയറി, ചിത്രവായന, സംഭാഷണം ലഘുകുറിപ്പ്, കത്ത്, കടങ്കഥ ആസ്വാദനം, കഥാപാത്രനിരൂപണം, രചനോത്സവ റിവ്യൂസ് തിയേറ്റർ. | ജൂൺ മുതൽ | അധ്യാപിക | SSK 1000/- |

## ഉപജില്ല : Std II ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതപഠനം ഉല്ലാസപ്രദമാക്കുക. എല്ലാ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക. സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കൽ, സങ്കലനം വ്യവകലനം, ഗുണനം സചിത്ര ഗണിതപുസ്തകം → 100 വരെയുള്ള സംഖ്യകളെ ഉറപ്പിക്കൽ, സ്ഥാനവില സംഖ്യാബോധം, വ്യത്യസ്ത രീതിയിൽ സംഖ്യകളെ വ്യാഖ്യാനിക്കൽ | അബാക്കസ് നിർമിക്കൽ, ഓരോ കുട്ടിക്കും സ്വന്തമായി അബാക്കസ് നിർമിക്കുന്നു. സ്ഥാനവിലയുടെ അടിസ്ഥാനത്തിൽ സംഖ്യകളെ വ്യാഖ്യാനിക്കുന്നു. രണ്ട് വ്യത്യസ്ത സംഖ്യകളുടെ തുകയായി പറയുന്നു. സ്ഥാനവിലപോക്കറ്റ് തയാറാക്കുന്നു. അബാക്കസ് / സ്ഥാനവിലപോക്കറ്റ്, കളിക്കൂട്ടുകൾ ഉപയോഗിച്ച് സംഖ്യാബോധം ഉറപ്പിക്കുന്നു. സംഖ്യാകാർഡുകൾ ഉപയോഗിച്ച സങ്കലന വ്യവകലന ക്രിയകൾ ചെയ്യുന്നു. മൂർത്തവസ്തുക്കൾ ഉപയോഗിക്കുന്നു. 2,5,10 കൂട്ടങ്ങളാക്കുന്നു. ഗുണനം ആവർത്തനസങ്കലനം ഉറപ്പിക്കുന്നു | ജൂൺ മുതൽ | അധ്യാപിക | SSK 500/- |

ഉപമേഖല : Std II : English

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | | |
|---|---|---|---|---|
| Listening, Speaking<br>Reading, writing<br>interaction with others. | Listen to instructions.<br>Teacher talk.<br>Games, Action song,<br>Picture reading, Express ideas in simple sentences, Ask riddles<br>Presenting conversations<br>(Picture card, word card, sentence making)<br>New words - word web - Conversation<br>Add more lines, picture description. | ജൂൺ മുതൽ | അധ്യാപിക | 500/- |
| സാഹിത്യപ്രതിഭകളെ അടുത്തറിയാൻ വായനാശീലം വളർത്താൻ, വായന, ചർച്ച | ഉപമേഖല : Std III മലയാളം<br>കവികളെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം<br>പുസ്തകപരിചയം, പ്രദർശനം<br>ചിത്ര ഗ്യാലറി | ജൂൺ മുതൽ | അധ്യാപിക | 500/- |

| | | | | |
|---|---|---|---|---|
| പൊതുസമ്പർക്കവുമായി ബന്ധപ്പെട്ട് പുസ്തക പരിചയം ശേഖരണം (?) | 1. പൊതുജനസമ്പർക്ക/ സന്ദർശനം, സമ്പർക്കവുമായി ബന്ധപ്പെട്ട് പുസ്തകശേഖരണം വായനകുറി, നാട്ടുവായന പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | അധ്യാപിക വായനക്ലബ് | | |
| | ഉപമേഖല : Std III ഗണിതം | | | |
| ലക്ഷ്യം<br>ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി എല്ലാ കുട്ടികളും ഗണിതശേഷികൾ ഉറപ്പിക്കൽ 1000 വരെയുള്ള സംഖ്യകളുടെ സങ്കലനം, വ്യവകലനം ഗുണനം | മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് എണ്ണൽ കൂട്ടങ്ങളാക്കൽ<br>അബാക്കസ് - സ്ഥാനവില ബോധ്യപ്പെടാൻ ഉപയോഗിച്ച് സ്ഥാനവില ഉറപ്പിക്കൽ<br>മൂർത്തവസ്തുക്കൾ ഉപയോഗിച്ച് പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.<br>സംഖ്യാചക്രം സംഖ്യാകാർഡ്, ഉപകരണങ്ങൾ ഉപയോഗിക്കുന്ന പ്രവർത്തനങ്ങൾ | ജനങ്ങൾ | അധ്യാപിക | 500/- |

ഉപമേഖല : പരിസ്ഥിതിപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച് അവയുടെ പ്രത്യേകതകൾ കണ്ടെത്തുന്നു. വള്ളിച്ചെടി കുറ്റിച്ചെടികൾ, വൃക്ഷങ്ങൾ പടർന്നവ, സസ്യങ്ങളുടെ (പ്രത്യേകത, ഇലകളുടെ (പ്രത്യേകത, (സസ്യങ്ങളും ആഹാരവും) | പരിസ്ഥിതിദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈകൾ നടുന്നു.<br>പ്രകൃതിനടത്തം<br>സസ്യനിരീക്ഷണം, ചോദ്യങ്ങൾ കണ്ടെത്തുന്നു. സസ്യങ്ങളുടെ ചിത്രം വരയ്ക്കുന്നു. നിറം നൽകൽ<br>ഇല തൊപ്പി നിർമ്മാണം.<br>പ്രത്യേകതകളനുസരിച്ച് തരംതിരിക്കൽ<br>ഉപയോഗം – ചർച്ച<br>വിവിധ ഭാഗങ്ങൾ പരിചയപ്പെടൽ<br>വിത്ത് മുളപ്പിക്കൽ<br>പരീക്ഷണം നിരീക്ഷണം<br>പരീക്ഷണകുറിപ്പ് - പതിപ്പ് | ജൂൺ മുതൽ | Tr | SSK 500 |
| | <u>ഉപമേഖല</u> : <u>Std III ഇംഗ്ലീഷ്</u> | | | |
| To Speak, read and write English without any mistake. | Rules:-<br>Listening to instructions<br>games, action songs.<br>Conversation, skit- and story telling | | | |

| | | | | |
|---|---|---|---|---|
| | Simple description<br>Picture description, News reading<br>Quiz, riddles, Self introduction<br>Library book reading, find out rhyming words.<br>Collection of specific words.<br>Word web. etc. | ജൂൺ മുതൽ | Tr | SSK. 500 |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ലേഖന പ്രവർത്തനങ്ങൾ ചെയ്യുന്നതിന് | <u>ഉപമേഖല : Std IV മലയാളം</u><br>Pre test<br>അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>അക്ഷരകാർഡ്, പദകാർഡ്,<br>വാക്കുകളും വാക്യങ്ങളും നിർമ്മിക്കുന്നു.<br>പത്രവായന<br>പഠനപിന്തുണാ പ്രവർത്തനങ്ങൾ<br>വായന മത്സരം, ചിത്രവായന<br>കഥപറച്ചിൽ<br>കവിത ചൊല്ലൽ, ആസ്വാദനക്കുറിപ്പ്<br>കഥാപാത്രം, അടിക്കുറിപ്പ്, കവിതാപൂരണം<br>കഥാപാത്രനിരൂപണം | ജൂൺ മുതൽ | Tr | SSK 500 |

## ഉപമേഖല : പരിസരപഠനം Std IV

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പരിസ്ഥിതിസൗഹൃദ മനോഭാവം വളർത്തുന്നു. ജൈവവൈവിധ്യ പരിപാലനത്തിൽ ഏർപ്പെടുക | പരിസ്ഥിതിദിന പ്രവർത്തനങ്ങൾ<br>വൃക്ഷത്തൈ നടീൽ<br>ഔഷധസസ്യങ്ങൾ, പൂന്തോട്ട നിർമ്മാണം<br>ന്യൂട്രീഷ്യൻ ഗാർഡൻ<br>ഒരു തൈ നടാം – ദൃശ്യാവിഷ്കാരം<br>ലഘുപരീക്ഷണങ്ങൾ<br>ലാബ് സജ്ജീകരിക്കൽ<br>പരീക്ഷണക്കുറിപ്പ്<br>വ്യക്തിശുചിത്വം, പരിസരശുചിത്വം<br>വിലയിരുത്തൽ | ജൂൺ മുതൽ | Tr | SSK . 500 |
| | **ഉപമേഖല : Std IV ഗണിതം** | | | |
| ഗണിതപഠനം ഉല്ലാസപ്രദവും രസകരവും ആക്കുക, എല്ലാവർ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പിക്കുക 1000ത്തിനപ്പുറം 1 ലക്ഷം വരെയുള്ള സംഖ്യകളുടെ സംഖ്യാവബോധം, ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | അബാക്കസ്, സ്ഥാനവില പോക്കറ്റ്, കറൻസി നോട്ടുകൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ<br>പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ<br>ഏണിയും പാമ്പും കളി, സംഖ്യാചക്ര സംഖ്യാകാർഡ്കളി .... | ജൂൺ മുതൽ | Tr | SSK . 500 |

[illegible] : ~~[illegible]~~ English Std IV

| | | | | |
|---|---|---|---|---|
| To speak, read and write English without any mistake.<br>To develop listening skill and reading skill | Games - listen to instructions properly.<br>listen to conversations<br>English assembly, newsreading<br>Self introduction<br>library book reading<br>book review<br>rhyming words.<br>Picture reading<br>Picture description<br>Word cards, - Sentence making<br>role play<br>(Conversation)<br>skit- | [illegible]<br>[illegible] | Tr | SSK<br>500/- |

## ഉപമേഖല : വായനാപരിപോഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അധിക വിവരശേഖരണം സാധ്യമാക്കുക | പാഠപുസ്തകങ്ങളിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട അധിക വിവരശേഖരണത്തിനുള്ള വിവരങ്ങൾ കണ്ടെത്തൽ<br>സഹായകരമായ റഫറൻസ് ബുക്കുകൾ ശേഖരിക്കൽ | പഠനപ്രവർത്തനങ്ങളോടൊപ്പം | അതാത് ക്ലാസ്സധ്യാപകർ | 5000/- |
| IT ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ | കളിപ്പെട്ടി പ്രവർത്തനങ്ങൾ | പഠനപ്രവർത്തനങ്ങൾ | ക്ലാസ്സധ്യാപകർ | |
| | ഉപമേഖല : ലൈബ്രറി ശാക്തീകരണം. | | | |
| കുട്ടികളിൽ താൽപര്യം ജനിപ്പിക്കുക | തുറന്ന ക്ലാസ്റൂം സൗകര്യം,<br>വായനക്കുറിപ്പവതരണം<br>പത്രവായന, മികച്ച വായനക്കാരെ പ്രോത്സാഹിപ്പിക്കുക.<br>വായനമൂല സജ്ജമാക്കുക (റാക്കിൽ) | ജൂൺ മുതൽ | അധ്യാപകർ കുട്ടികൾ | 20000 |

## ഉപമേഖല : ലാബ് സജ്ജീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രൈമറി ക്ലാസുകൾക്കാവശ്യമായ ലാബ് ഫെസിലിറ്റികൾ സജ്ജമാക്കുക. ശാസ്ത്രപഠനം പരീക്ഷണങ്ങളിലൂടെ കാര്യക്ഷമമാക്കുക. | എൽ.പി ക്ലാസുകളിലേക്കാവശ്യമുള്ള ലാബ് സാമഗ്രികൾ ലിസ്റ്റ് ചെയ്യുക. ഓരോ ക്ലാസിനും ആവശ്യമായ പരീക്ഷണകിറ്റ് തയാറാക്കുക. ക്ലാസ്സ് പ്രവർത്തനങ്ങളോടൊപ്പം പരീക്ഷണങ്ങൾ ചെയ്യുന്നതിന് കുട്ടികൾക്കവസരം ഒരുക്കുക. | അധ്യയനവർഷം മുഴുവൻ | അധ്യാപകർ, SRG, HM | 20 000/- |
| സസ്യശാസ്ത്രപഠനവുമായി ബന്ധപ്പെട്ട നിരീക്ഷണ പരീക്ഷണങ്ങൾക്കാവശ്യമായി പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന മുഴുവൻ സസ്യങ്ങളും സ്കൂൾ കോമ്പൗണ്ടിൽ | ഉപമേഖല : ജൈവവൈവിധ്യ ഉദ്യാനം ന്യൂട്രീഷ്യൻ ഗാർഡൻ<br><br>കുട്ടിവനം, ഔഷധോദ്യാനം, ശലഭപാതകൾ, ന്യൂട്രീഷ്യൻ ഗാർഡൻ, ഓരോ കുട്ടിക്കും ഒരു സസ്യം സ്കൂളിൽ, പ്ലാസ്റ്റിക് രഹിതവിദ്യാലയം, ~~Penbox~~ Waste bin സജ്ജീകരണം | വർഷം മുഴുവൻ | അധ്യാപകർ PTA ജനപ്രതിനിധികൾ കുട്ടികൾ | 20,000/- |

## ഉപമേഖല : പ്രവൃത്തിപരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തൊഴിലിനോട് ആഭിമുഖ്യം പുലർത്തൽ<br>പ്രായോഗിക പ്രവർത്തനങ്ങൾ നടത്താൻ<br>തൊഴിൽനൈപുണ്യം പരിപോഷിപ്പിക്കൽ<br>ഭാവിതൊഴിൽ മേഖല ശരിയായ രീതിയിൽ തെരഞ്ഞെടുക്കൽ<br>ക്ലാസ്റൂം പ്രവർത്തനങ്ങൾ രസകരവും ആയാസരഹിതവുമാക്കൽ | പ്രവൃത്തിപഠന വിദഗ്ധരുടെ സേവനം ലഭ്യമാക്കൽ<br>പഠനസാമഗ്രികൾ നിർമിക്കൽ | അധ്യയനവർഷം മുഴുവൻ | അധ്യാപകർ<br>HM, PTA | 5000/- |
| സ്കൂൾ പഠനപ്രവർത്തനങ്ങൾ സുഗമമായി നടപ്പാക്കുക. | ഉപമേഖല : SRG ശാക്തീകരണം.<br>വാർഷിക കലണ്ടർ തയാറാക്കുക.<br>അച്ചടിച്ച് രക്ഷിതാക്കൾക്ക് വിതരണം ചെയ്യുക<br>സ്കൂൾ ക്ലാസ്തല പഠനപ്രവർത്തനങ്ങൾ കൈത്താങ്ങും | അധ്യയനവർഷം മുഴുവൻ | SRG കൺവീനർ<br>HM<br>അധ്യാപകർ | 5000/- |

## ഉപമേഖല : ശുചിത്വം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യപൂർണമായ സ്കൂൾ അന്തരീക്ഷം | മാലിന്യസംസ്കരണം<br>ബോധവത്കരണ ക്ലാസുകൾ<br>പോസ്റ്റർ നിർമാണം<br>ശുചിത്വസേന രൂപീകരണം | അധ്യയനവർഷം മുഴുവൻ | SRG, HM, ശുചിത്വക്ലബ്ബ്, അധ്യാപകർ, PTCM | 5000/- |
| സ്കൂളും പരിസരവും വൃത്തിയുള്ളതാണെന്ന് ഉറപ്പുവരുത്തുന്നു വ്യക്തിശുചിത്വം, ക്ലാസ്മുറിയിലെ ശുചിത്വം ഉറപ്പുവരുത്തുന്നു. | ക്ലാസ്മുറിയും പരിസരവും വൃത്തിയാക്കൽ<br>ഓരോ ക്ലാസിലും ഡസ്റ്റ് ബിൻ തയാറാക്കിവയ്ക്കൽ<br>സ്കൂൾ പരിസരത്ത് ഡസ്റ്റ് ബിൻ തയാറാക്കി വയ്ക്കൽ<br>ശുചിത്വസേന വ്യക്തിശുചിത്വം വിലയിരുത്തുന്നു.<br>ശുചിത്വ അംബാസിഡർ നേതൃത്വം നൽകുന്നു. | അധ്യയനവർഷം മുഴുവൻ | അധ്യാപകർ കുട്ടികൾ | |

## ഉപമേഖല : പോഷകപരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പോഷകസമൃദ്ധമായ ഉച്ചഭക്ഷണം ആവശ്യമായ എല്ലാ കുട്ടികൾക്കും ലഭ്യമാക്കുക. ഉച്ചഭക്ഷണം തയാറാക്കുന്നതിനും വിതരണത്തിനും നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, രക്ഷിതാക്കൾ, സമൂഹം എന്നിവയുടെ ഇടപെടൽ ഉണ്ടാക്കുക. | ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനുള്ള അടുക്കളയിലെ സൗകര്യം വർദ്ധിപ്പിക്കുക. വൈവിധ്യമുള്ള ഭക്ഷണം വിവിധ സമയത്ത് നൽകുക. പ്രാദേശികവിഭവസമാഹരണവും സ്കൂൾ ന്യൂട്രീഷ്യൻ ഗാർഡനിലെ വിഭവങ്ങളും ഉപയോഗിച്ച് ഭക്ഷണം മെച്ചപ്പെടുത്തുക. ഭക്ഷണവിതരണത്തിനും കുട്ടികൾക്ക് കഴിക്കുന്നതിനുമുള്ള സൗകര്യം പ്രാതഭക്ഷണം തയ്യാറാക്കുന്നതിന് പ്രാദേശിക സഹായം. | അധ്യയനവർഷം മുഴുവൻ | Noon – Meal Committee HM PTA അധ്യാപകർ | |

## ഉപലക്ഷ്യം : ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ദിനങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ ക്രിയാത്മക ശേഷി മനോഭാവം വളർത്തൽ | ദിനാചരണ പ്രവർത്തനങ്ങൾ ക്ലബുകൾക്ക് ചുമതല നൽകുന്നു. വിവിധ ക്ലബുകൾ, മറ്റ് സമിതികൾ ദിനാചരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് SRG യിൽ അവതരണം സംവാദം, ക്വിസ്, പ്രസംഗം, അസംബ്ലി, പ്രദർശനങ്ങൾ, പോസ്റ്റർ തുടങ്ങിയവ തയാറാക്കൽ | പഠനപ്രവർത്തനങ്ങൾക്കൊപ്പം | വിവിധ ക്ലബുകൾ SRG, PTA | 10000/- |
| | **ഉപലക്ഷ്യം : കായികവിദ്യാഭ്യാസം** | | | |
| കുട്ടികൾക്ക് ശരിയായ കായികപരിശീലനം നൽകുക. | കായിക ഉപകരണങ്ങൾ വാങ്ങൽ യോഗ, സുംബ, ലഘുവ്യായാമങ്ങൾ പരിശീലനം | അധ്യയനവർഷം മുഴുവൻ | അധ്യാപകർ | 2500/- |

## ഉപമേഖല : പ്രീപ്രൈമറി ആകർഷകമാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠനത്തിൽ ആധുനിക കാഴ്ചപ്പാടോടെ പങ്കാളിയാവും ശിശുകേന്ദ്രീകൃതമാക്കുക. | അനുയോജ്യമായ പാഠ്യപദ്ധതിക്കുള്ള തയ്യാറാക്കൽ<br>പ്രീസ്കൂൾ മാതൃകാപരമാക്കുന്നു.<br>പ്രീസ്കൂൾ അധ്യാപകർക്ക് പരിശീലനം<br>പഠനാന്തരീക്ഷം ആധുനികവൽക്കരിക്കുക<br>എല്ലാ വിദ്യാർത്ഥികൾക്കും പ്രീസ്കൂൾ വിദ്യാഭ്യാസം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുക. | ജൂൺ മുതൽ | PTA, HM, SMC<br>SSG, MPTA<br>പൂർവവിദ്യാർത്ഥികൾ<br>അധ്യാപകർ | 200,000 |
| | **ഉപമേഖല : സാഹിത്യപോഷണ പരിപാടി** | | | |
| കുട്ടികളുടെ സർഗാത്മകത സൃഷ്ടിക്കൽ | രചനകൾ അവതരണം, നാടകം, സ്കിറ്റ് തുടങ്ങിയവ | | | |
| ക്ലാസ്മുറിയിലെ പ്രവർത്തനങ്ങളുടെ അവതരണം | ക്ലാസ് ലൈബ്രറി പ്രയോജനപ്പെടുത്തൽ<br>വായനക്കാർഡ് തയ്യാറാക്കൽ, സ്കൂൾ ഓഫീസിനു മുൻവശത്തായി രചനകൾ പ്രദർശിപ്പിക്കൽ, എഴുത്തുകാരെ ക്ഷണിക്കൽ<br>രചനകൾ പ്രസിദ്ധീകരിക്കൽ | അധ്യയനവർഷം മുഴുവൻ | HM PTA<br>SRG, വിദ്യാരംഗം<br>അധ്യാപകർ<br>കുട്ടികൾ | 8000/- |

## ഉപമേഖല : കുടിവെള്ളം

| | | | കാലം | സാമ്പത്തിക ചെലവ് |
|---|---|---|---|---|
| സ്കൂളിൽ ശുദ്ധമായ കുടിവെള്ളം, ലഭ്യമല്ല ജലമലിനമാക്കാതെ സൂക്ഷിക്കാൻ ബോധവത്കരണം | ജലം ശുദ്ധമായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത, ജലത്തിന്റെ ഉപയോഗം ഇവ ബോധ്യപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, വാട്ടർ പ്യൂരിഫയർ വാട്ടർടെസ്റ്റിംഗ്, പ്യൂരിഫയർ | PTA HM അധ്യാപകർ | ~~5000~~/— | 5000/— |
| | ഉപമേഖല : സമഗ്ര ആരോഗ്യപോഷക പരിപാടി | | | |
| കുട്ടികളിൽ ആരോഗ്യശീലങ്ങൾ വളർത്തുക<br>കുട്ടികൾക്കുണ്ടാകുന്ന അസുഖങ്ങൾക്കും അപകടങ്ങൾക്കും പ്രഥമശുശ്രൂഷ കൃത്യമായി ലഭിക്കുന്നു. | ആരോഗ്യ പരിശോധന, കുട്ടികളുടെ പ്രശ്നങ്ങൾ കണ്ടെത്തൽ<br>പ്രഥമശുശ്രൂഷ കിറ്റ്, പ്രാഥമിക ശുശ്രൂഷ<br>ബോധവത്കരണ ക്ലാസ് | അധ്യാപകർ | ഹെൽത്ത് ഡിപ്പാർട്ട്മെന്റ് LSG, SSA | |

# വാർഷിക കലണ്ടർ 2025-26

| പ്രവർത്തനങ്ങൾ | പ്രവർത്തന രീതി | കാലയളവ് | ചുമതല |
|---|---|---|---|
| ജൂൺ<br>സ്കൂൾ പ്രവേശനോത്സവ പ്ലാനിംഗ് | സ്കൂൾ അലങ്കരിക്കൽ, നവാഗതരെ സ്വീകരിക്കാൻ തയ്യാറെടുപ്പ് | | SRG |
| സ്കൂൾ പ്രവേശനോത്സവം CPTA, SRG | നവാഗതരെ സ്വീകരിക്കാൻ വിളംബര ജാഥ, ഉദ്ഘാടനം, പഠനോപകരണ വിതരണം, CPTA, Review and Planning | ജൂൺ - 2 | All Teachers |
| ലോക പരിസ്ഥിതി ദിനം. | പ്രസംഗം, കവിതാലാപനം, പോസ്റ്റർ, പ്ലക്കാർഡുകൾ തയ്യാറാക്കൽ, വൃക്ഷതൈ നടീൽ, ക്വിസ്സ്. | ജൂൺ - 5 | SRG |
| ക്ലബ്ബ് രൂപീകരണം. | വിവിധ ക്ലബ്ബുകൾ രൂപീകരിക്കൽ | | ക്ലബ്ബ് കൺവീനർ. |

| | | | |
|---|---|---|---|
| PTA കമ്മിറ്റി കൂടിവ് SRG, ബാലവേല വിരുദ്ധ ദിനം. | Review and Planning ബോധവൽക്കരണം. | ജൂൺ 12 | SRG. |
| വായനാ ദിനം | പി.എൻ. പണിക്കർ അനുസ്മരണം പതിപ്പ്, ക്വിസ്, കുറിപ്പ് തയ്യാറാക്കൽ | ജൂൺ 19, 26 | |
| ലോക ലഹരിവിരുദ്ധ ദിനം. | ബോധവൽക്കരണം, പോസ്റ്റർ, കാർട്ടൂൺ തയ്യാറാക്കൽ. | | |
| ജൂലൈ | | | |
| വൈക്കം മുഹമ്മദ് ബഷീർ ചരമദിനം | ബഷീർ അനുസ്മരണം | ജൂലൈ-5 | |
| ലോക ജനസംഖ്യാ ദിനം | ബോധവൽക്കരണം | ജൂലൈ-11 | |
| ചാന്ദ്ര ദിനം, സുരക്ഷാ ആരോഗ്യ സമിതി യോഗം. SRG | ക്വിസ്, പതിപ്പ്, നൃത്തം, പ്രസംഗം, ഗാനങ്ങൾ പരിചയപ്പെടുത്തൽ, സ്കൂൾ സുരക്ഷ. | ജൂലൈ-21 | |

| | | | |
|---|---|---|---|
| ഇംഗ്ലീഷ് ക്ലബ്ബ് | story telling, Quiz, Action Song | ജൂലൈ 28 | |
| ആഗസ്റ്റ്. | | | |
| ഹിരോഷിമാ ദിനം. | പ്രതിജ്ഞ, യുദ്ധവിരുദ്ധ പോസ്റ്റർ, സഡാക്കോ നിർമ്മാണം | ആഗസ്റ്റ് 6 | |
| ക്വിറ്റിന്ത്യാദിനം, നാഗസാക്കി ദിനം. | പ്രസംഗം, ദേശഭക്തി ഗാനം, CD പ്രദർശനം. | ആഗസ്റ്റ് 9 | |
| സ്വാതന്ത്ര്യദിനം. | പതാക ഉയർത്തൽ, റാലി, പൊതു സമ്മേളനം, മത്സരങ്ങൾ, മധുര വിതരണം. | ആഗസ്റ്റ് 15 | |
| കർഷക ദിനം | കർഷകനുമായി അഭിമുഖം. | | |
| ഒന്നാം പാദവാർഷിക മൂല്യനിർണ്ണയം ഓണാഘോഷം. SRG | പാദവാർഷിക പരീക്ഷ ഓണാഘോഷ പരിപാടികൾ | | |

| | | | |
|---|---|---|---|
| സെപ്റ്റംബർ | | | |
| അധ്യാപകദിനം, CPTA, SRG | ഗുരുവന്ദനം, ഉത്തരക്കടലാസ് രക്ഷകർത്താക്കളെ ബോധ്യപ്പെടുത്തൽ | | |
| പഠനോത്സവം ഉറപ്പാക്കൽ. LSS പരിശീലനം | വാക്കുകൾ, വാക്യങ്ങൾ നിർമ്മാണം, [illegible] ഉറപ്പാക്കൽ. LSS പരിശീലനം ഉദ്ഘാടനം. | | |
| ഓസോൺ ദിനം. | ബോധവത്കരണം | സെപ്റ്റംബർ 16. | |
| ഭവന സന്ദർശനം, SRG | കുട്ടികളുടെ കാര്യങ്ങൾ രക്ഷിതാക്കളുമായി പങ്കുവയ്ക്കൽ | സെപ്റ്റംബർ-19 | |
| സ്കൂൾ ശാസ്ത്ര- ഗണിതശാസ്ത്ര സാമൂഹ്യ ശാസ്ത്ര പ്രവൃത്തി പരിചയമേള | വിവിധ പ്രവർത്തനങ്ങൾ | | |
| സ്കൂൾ കായികമേള | വിവിധ പ്രവർത്തനങ്ങൾ | | |
| സ്കൂൾ കലാമേള | | | |

| | | | |
|---|---|---|---|
| ഒക്ടോബർ SRG | | | |
| ഗാന്ധിജയന്തി | ഗാന്ധി അനുസ്മരണം, ശുചിത്വ വാരാഘോഷം | ഒക്ടോബർ 2. | |
| ദേശീയ തപാൽ ദിനം | പോസ്റ്റോഫീസ് സന്ദർശനം | ഒക്ടോബർ 10. | |
| സാഹിത്യ ക്ലബ്ബ്. ശാസ്ത്ര ക്ലബ്ബ് | പരിശീലനം. | | |
| ഉപജില്ല കായികമേള, ശാസ്ത്രമേള. | | | |
| നവംബർ | | | |
| കേരളപ്പിറവി | കവിത, ക്വിസ്സ്, പ്രസംഗം | നവംബർ-1 | |
| SRG, CPTA | അനുസ്മരണം നടപ്പാക്കൽ | | |
| ദേശീയ വിദ്യാഭ്യാസ ദിനം ശിശുദിനം. | അബ്ദുൾ കലാം ആസാദ് അനുസ്മരണം. | നവംബർ 11 | |

| | | | |
|---|---|---|---|
| ദേശീയ പക്ഷി നിരീക്ഷണദിനം | പക്ഷി നിരീക്ഷണം കുറിച്ച് ബോധ്യമാക്കൽ | നവംബർ 12 | |
| ശിശുദിനാഘോഷം | റാലി. | | |
| ഉപജില്ലാ കലാമേള | | | |
| SRG | | | |
| ഡിസംബർ | | | |
| SRG | | | |
| രണ്ടാം പാദവാർഷിക മൂല്യനിർണ്ണയം | | | |
| ക്രിസ്തുമസ് ആഘോഷം. SRG | ക്രിസ്മസ് സന്ദേശം, ആശംസാ കാർഡ് നിർമ്മാണം. | | |
| ജനുവരി. | | | |

| | | | |
|---|---|---|---|
| SRG | | | |
| ക്ലാസ്സ് പി.ടി.എ | | | |
| റിപ്പബ്ലിക് ദിനം. | റാലി. പൊതുസമ്മേളനം, മത്സരങ്ങൾ. മധുരവിതരണം. | | |
| പഠനയാത്ര | | | |
| ഫെബ്രുവരി | | | |
| SRG | | | |
| ലോകതണ്ണീർത്തട ദിനം | ജലസംരക്ഷണം ബോധവൽക്കരണം | ഫെബ്രുവരി 2 | |
| മാതൃഭാഷാ ദിനം | | | |
| ദേശീയ ശാസ്ത്രദിനം | സി.വി രാമൻ അനുസ്മരണം | | |
| ഇംഗ്ലീഷ് ഫെസ്റ്റ്. | | | |

| | | | |
|---|---|---|---|
| SRG | | | |
| വാർഷിക പൊതുയോഗം | ആസൂത്രണം. | | |
| മാർച്ച്. | | | |
| SRG | | | |
| ഹെൽത്ത് ക്ലബ്ബ് | വേനൽക്കാല രോഗങ്ങൾ. | | |
| ലോകവന ദിനം | സെമിനാർ | | |
| ലോക ജല ദിനം | ജല സംരക്ഷണ സെമിനാർ | | |
| പഠനോത്സവം | | | |
| സ്കൂൾ വാർഷികം | | | |
| വാർഷിക മൂല്യനിർണ്ണയം. | | | |

# അക്കാദമികം

| ഉപമേഖലകൾ | സാമ്പത്തികം |
|---|---|
| STD 1 മലയാളം | 1000/- |
| STD 1 ഗണിതം | 500 |
| STD 1 ഇംഗ്ലീഷ് | 500 |
| STD II മലയാളം | 1000/- |
| STD II ഗണിതം | 500 |
| STD II ഇംഗ്ലീഷ് | 500 |
| STD III മലയാളം | 500 |
| STD III ഗണിതം | 500 |
| III ഇംഗ്ലീഷ് | 500 |
| III ശാസ്ത്രം | 500 |
| IV മലയാളം | 500 |
| IV ഇംഗ്ലീഷ് | 500 |
| IV ഗണിതം | 500 |
| IV ശാസ്ത്രം | 500 |
| വായനപരിപോഷണം | 5000 |
| ലൈബ്രറി ശാക്തീകരണം | 20,000 |
| ലാബ് സജ്ജീകരണം | 20,000 |
| ജൈവവൈവിധ്യ ഉദ്യാനം, ന്യൂട്രീഷ്യൻ ഗാർഡൻ | 20,000 |
| പ്രവൃത്തിപരിചയം | 5000 |
| SRG ശാക്തീകരണം | 5000 |
| ശുചിത്വം | 5000 |
| ദിനാചരണങ്ങൾ | 10,000 |
| കായികവിദ്യാഭ്യാസം | 2500 |
| പ്രീപ്രൈമറി ആകർഷകമാക്കൽ | 200,000/- |

| | |
|---|---|
| സാഹിത്യപോഷണപരിപാടി | 8000/- |
| കുടിവെള്ളം | 5000/- |
| ആകെ | 313500 /- |

## മേഖല : ഭൗതികം

ഉപമേഖല : കെട്ടിടം

നിലവിലുള്ള കെട്ടിടങ്ങൾ അമ്പതുവർഷത്തോളം പഴക്കമുള്ളതാണ്. വിവിധോദ്ദേശ്യ ഹാളും, 8 ക്ലാസ്മുറികളും ഓഫീസ്റൂം, ലൈബ്രറി, ലാബ് സജ്ജീകരണത്തിനുള്ള റൂമും അടങ്ങിയ 9 സ്മാർട്ട് ക്ലാസ്മുറികളുള്ള ഇരുനില കെട്ടിടം സ്ഥാപിക്കണം - (4+4+1 ഹാൾ)

ഉപമേഖല : ക്ലാസ്മുറികൾ ഹൈടെക്കിലേക്ക്

എല്ലാ ക്ലാസുകളിലെയും കുട്ടികൾ അതാത് തലത്തിൽ നേടേണ്ട അടിസ്ഥാനശേഷി വികാസത്തിന് സഹായകമാകുന്ന ഭൗതികസാഹചര്യങ്ങൾ ഒരുക്കി പഠനം സാധ്യമാക്കാനുള്ള പരിപാടികൾ

- ഡിജിറ്റൽ സ്മാർട്ട് റൂം
- ക്ലാസ്മുറികളിൽ വൈറ്റ് ബോർഡ്
  Seating arrangement

- പഠനോപകരണങ്ങളും ക്ലാസ്സ് ലൈബ്രറിയും സജ്ജീകരിക്കാൻ ഷെൽഫ്
- പഠനോത്ത കലണ്ടർ
- ക്ലാസ്മുറികളിൽ സ്പീക്കർ സ്ഥാപിക്കൽ

ഉപമേഖല : ഓഡിറ്റോറിയം

സ്ഥാപനത്തിന്റെ എല്ലാദിശയിലേക്കും കാഴ്ച സാധ്യമാകുന്ന ഓഡിറ്റോറിയം.

പ്രിന്റർ, ഇന്റർനെറ്റ് സൗകര്യം, പഴയകാല റെക്കോർഡുകൾ കാലാനുസൃതമായി ക്രമീകരിച്ച് സൂക്ഷിക്കാൻ ഷെൽഫുള്ള മുറികൾ

ഉപമേഖല : വിവിധോദ്ദേശ്യഹാൾ

മീറ്റിംഗുകൾ, പ്രദർശനങ്ങൾ, പരിശീലനം, കുട്ടികളുടെ ആവിഷ്കാരങ്ങൾ, ഡൈനിംഗ് ഹാൾ എന്നിവയ്ക്കുതകുന്ന നീളവും വീതിയുമുള്ള ഹാൾ, ഹാളിനുള്ളിൽ [illegible] സംവിധാനങ്ങൾ ; സൗണ്ട് സിസ്റ്റം.

ഉപമേഖല : ലൈബ്രറി.

ശാസ്ത്രീയമായി തയാറാക്കിയ ലൈബ്രറി, റഫറൻസ് ബുക്കുകൾ, മറ്റ് പുസ്തകങ്ങൾ, മാസികകൾ, ദിനപത്രങ്ങൾ പബ്ലിക് ലൈബ്രറിയുടെ സേവനത്തോടെയുള്ള ലൈബ്രറി പ്രവർത്തനം.

ഉപമേഖല : ലബോറട്ടറി

ശാസ്ത്രഗണിത ഭാഷാ ലാബുകൾ സജ്ജീകരിക്കുക.

## ഉപമേഖല : പോഷകാഹാരം

### പാചകപ്പുര

- തറ ടൈൽസ് പാകിയത്
- വാഷ്ബേസ് സംവിധാനം
- ശുദ്ധജല ലഭ്യത
- ഗ്യാസ് കിച്ചൻ
- വിവിധ പാത്രങ്ങൾ
- വൈദ്യുതീകരണം
- ഗ്രൈൻഡർ
- മിക്സി
- കുക്കർ മുതലായ പാത്രങ്ങൾ
- സ്റ്റോർറൂം

### ഡൈനിംഗ് ഹാൾ

- കുട്ടികളുടെ എണ്ണത്തിന് ആനുപാതിക സൗകര്യമുള്ള ഭക്ഷണപ്പുര
- കാറ്റും വെളിച്ചവും ഉണ്ടാകണം
- എല്ലാ കുട്ടികൾക്കും തിളപ്പിച്ചാറിയ വെള്ളം നൽകാനുള്ള സംവിധാനം
- വാട്ടർടാപ്പ് സംവിധാനം

## ഉപമേഖല : ഗതാഗതസൗകര്യം

- സ്കൂൾവാഹനം

## മേഖല : ഭൗതികം

ഉപമേഖല : ആധുനികമായ ക്ലാസ്മുറികൾ, ലാബ്, ലൈബ്രറി, [illegible]

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
| --- | --- | --- | --- | --- |
| ആധുനികമായ ക്ലാസ് മുറികൾ സ്ഥാപിക്കുക പഠനാന്തരീക്ഷമൊരുക്കുവും വളർത്തുന്ന ക്ലാസ്സും സംവിധാനം ദൈനംദിന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്ന ഓഫീസ് റൂം വിവിധോദ്ദേശ്യ ഹാൾ പുസ്തകശേഖരം, ലബോറട്ടറി സജ്ജീകരണം ഇവയുള്ള ക്ലാസ്മുറികൾ മേൽപറഞ്ഞവയടങ്ങിയ ഹൈടെക് വിദ്യാലയം സ്ഥാപിക്കുക. | നിലവിൽ പഠനത്തിനു യോഗ്യമാകാത്ത പഴയ കെട്ടിടങ്ങൾ നീക്കി പുതിയ 5 ക്ലാസ്മുറികൾ, ലാബ് സജ്ജീകരിക്കാൻ 1 ക്ലാസ്മുറി, ലൈബ്രറി സജ്ജീകരണത്തിന് 1 ക്ലാസ്മുറി, ഓഫീസ്റൂം-1 വിവിധോദ്ദേശ്യ ഹാൾ-1 എന്നിവയടങ്ങിയതും കമ്പ്യൂട്ടർ പ്രൊജക്ടർ സ്ഥാപിച്ച സ്മാർട്ട് ആന്റ് ബിൽഡിങ്ങൽ ആയ ക്ലാസ്മുറികളോടു കൂടിയ ഹൈടെക് കെട്ടിടം സ്ഥാപിക്കുക. സ്കൂളിന്റെ ചുറ്റുമതിൽ പൂർണമാക്കുക ടോയ്‌ലറ്റ് നവീകരണം. | | വികസനസമിതി | MLA FUND 1,00,000,00 1 കോടി |

ഉപമേഖല : പോഷകാഹാരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച പോഷകാഹാരം നൽകി ശാരീരിക ആരോഗ്യം മെച്ചപ്പെടുത്തുക. | അടുക്കള നവീകരണം. പഴയപാത്രങ്ങൾക്കുപകരം പുതിയ പാത്രങ്ങൾ, മിക്സി ഗ്രൈൻഡർ, വെന്റിലേഷൻ വാഷ് ബേസ്, പച്ചക്കറികളും പലവ്യഞ്ജനങ്ങളും, അരിയും സൂക്ഷിക്കാൻ സ്റ്റോർ റൂം അടുക്കളയോട് ചേർന്ന് സ്ലാബുകൾ ഉള്ള വർക്ക് ഏരിയ | | വികസനസമിതി | പഞ്ചായത്ത് ഫണ്ട് 10,00000/- |

ഉപമേഖല : സ്കൂൾ ഗതാഗതസൗകര്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് വാഹനസൗകര്യം | സ്കൂളിലേക്ക് കാൽനടയായി വരാൻ പ്രയാസമനുഭവിക്കുന്നവർക്ക് വാഹനസൗകര്യം | | പൂർവവിദ്യാർത്ഥി സംഘടന PTA | MLA fund 5ലക്ഷം or പൂർവവിദ്യാർത്ഥികൾ |

## ഭൗതികം

| | |
|---|---|
| ഹൈടെക് കെട്ടിടം<br>സ്കൂൾ വാഹനം<br>അടുക്കള നവീകരണം | 1 00 00000/-<br>(1 കോടി)<br>5 00000/-<br>10,00000/- |
| ആകെ | 1,15 00000/-<br>(ഒരുകോടിപതിനഞ്ച് ലക്ഷം) |

## സാമൂഹികം

ഉപമേഖലകൾ

ക്ലാസ് പിടിഎ

കൂട്ടായ്മകൾ

MPTA

[illegible]ലൈബ്രറി

[illegible]സമിതി

| ഉപമേഖല : ക്ലാസ് പിടിഎ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| കുട്ടിയുടെ പഠനത്തിൽ രക്ഷിതാവിന്റെ സമ്പൂർണ്ണ പങ്കാളിത്തം | വർഷാരംഭത്തിൽ ആദ്യം PTA വിളിക്കുക. ഓരോ മാസത്തെയും പഠനനേട്ടങ്ങൾ സംബന്ധിച്ച ധാരണ നൽകുക. യൂണിറ്റ് ടെസ്റ്റ് നടത്തി PTA യിൽ പഠനവിശകലനം, രക്ഷിതാവിന്റെ അഭിപ്രായം, രക്ഷിതാവ് നൽകേണ്ട പഠനപിന്തുണ | | ക്ലാസ് അധ്യാപകർ | |
| ഉപമേഖല : കൂട്ടായ്മകൾ | | | | |
| പൂർവവിദ്യാർത്ഥിസംഘടനയുടെ ഇടപെടൽ | വിദ്യാലയത്തിന്റെ അക്കാദമികവും കോ-കരിക്കുലർ പ്രവർത്തനങ്ങളിലും ഭൗതിക സൗകര്യം ഒരുക്കുന്നതിലും സഹായിക്കുന്നു. | | പൂർവവിദ്യാർത്ഥി സംഘടന | |
| MPTA യുടെ ഇടപെടൽ | ഉച്ചഭക്ഷണവിതരണം, വാർഷികാഘോഷം ദിനാചരണങ്ങൾ തുടങ്ങിയവയിൽ സജീവപങ്കാളിത്തം, | | | |
| പൂർവാധ്യാപകർ, സാമൂഹ്യ സംഘടനകൾ - | സ്കോളർഷിപ്പുകൾ, എൻഡോവ്മെന്റ് പഠനോപകരണ വിതരണം - | | | |

## ഉപമേഖല : സ്കൂൾ സുരക്ഷ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| സ്കൂളിനകത്തും പുറത്തും മതിയായ രീതിയിലുള്ള സുരക്ഷ ഉറപ്പു വരുത്തുക. | സ്കൂൾ തുറക്കും മുമ്പു തന്നെ ജാഗ്രതാസമിതി രൂപീകരിക്കുക<br>സ്കൂളിന് സമീപമുള്ള അപകടരമായ മരങ്ങൾ, കെട്ടിടങ്ങൾ, നിർമാണ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക<br>മാളങ്ങൾ അടയ്ക്കുക. കേടായ ഫർണിച്ചറുകൾ നീക്കം ചെയ്യുക കേടായ ഫാനുകൾ നീക്കം ചെയ്യുക. വയറിംഗുകൾ സുരക്ഷിതമായ രീതിയിലാക്കുക. കിണർ മുകളിൽ മൂടി, നെറ്റ് ഇവ പരിശോധിക്കുക. റോഡ് സുരക്ഷ, സംബന്ധിച്ച ബോധവൽക്കരണം | ജൂൺ മുതൽ | ജാഗ്രതാ സമിതി. | |

# ABSTRACT

| മേഖലകൾ | സാമ്പത്തിക വിശകലനം |
|---|---|
| അക്കാദമികം | 313500 |
| ഭൗതികം | 1,10,00000 |
| സ്കൂൾ വാഹനം | 500000 |
| ആകെ | 1,18,13,500/- |

G.L.P.S. PANDITHITTA
Date -
AMPALATHINNIRAPPU P.O.

സമൂഹത്തിന്റെയും രക്ഷിതാക്കളുടെയും അധ്യാപകരുടെയും കൂട്ടായ പരിശ്രമത്തിലൂടെ ഈ പ്രവർത്തന പദ്ധതികൾ പ്രാവർത്തികമാക്കി വിദ്യാലയത്തിന്റെ സമഗ്രവികസനം സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

G.L.P.S. PANDITHITTA
Date -
AMPALATHINNIRAPPU P.O.